മെട്രോ വാർത്ത
24 March 2017

# സിഎംഎഫ്ആർഐയിൽ പൂർവവിദ്യാർഥി സംഗമം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) മാരികൾച്ചർ വിഭാഗത്തിൽ പിജി, പിഎച്ച്ഡി പഠനം നടത്തിയ പൂർവവിദ്യാർഥികളുടെ സംഗമം ഏപ്രിൽ 8, 9 തിയതികളിൽ സിഎംഎഫ്ആർഐയിൽ നടക്കും. 1979 മുതൽ 1993 വരെ സിഎംഎഫ്ആർഐ യിൽ പഠനം നടത്തിയവരാണ് സംഗമിക്കുന്നത്. സമുദ്രകൃഷി മേഖലയിലെ വിദ്യാഭ്യാസ-ഗവേഷണ രംഗങ്ങളിൽ 37 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായാണ് പൂർവവിദ്യാർഥി സംഗമം നടക്കുന്നത്.

ഫിഷറീസ് മേഖലയിൽ നയതന്ത്രജ്ഞർ, ഗവേഷകർ, ശാസ്ത്രജ്ഞർ, അധ്യാപകർ തുടങ്ങി വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരാണ് സിഎംഎഫ്ആർഐയിലെ പൂർവവിദ്യാർഥികൾ.

ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രം (ഐസിഎആർ) ഫിഷറീസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ ജെ.കെ ജെന, കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിലെ ബയോടെക്നോളജി വകുപ്പിൽ ഉപദേശകനായ ഡോ അരുൺ എസ് നിനവെ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ.എ ഗോപാലകൃഷ്ണൻ, ചെന്നൈ ആസ്ഥാനമായ ഓരുജലമത്സ്യകൃഷി ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ കെ.കെ വിജയൻ, ഐസിഎആറിന്റെ കീഴിലുള്ള മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെ ഡയറക്ടർമാർ, വൈസ്ചാൻസലർമാർ എന്നിവർ സിഎംഎഫ്ആർഐയിലെ മാരികൾച്ചർ വിദ്യാർഥികളാണ്.

12 പി.ജി ബാച്ചുകളിലെയും 11 പി എച്ച്ഡി ബാച്ചുകളിലെയും വിദ്യാർഥികളാണ് സംഗമത്തിൽ പങ്കെടുക്കുക. 200 ലേറെ വിദ്യാർഥികൾ സിഎംഎഫ്ആർഐയിൽ നിന്ന് പഠനം പൂർത്തിയാക്കിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സഹകരണത്തോടെ 1979 ലാണ് സിഎംഎഫ്ആർഐ യിൽ മാരികൾച്ചറിൽ കോഴ്സുകൾ ആരംഭിച്ചത്. സിഎംഎഫ്ആർഐ ഡയറക്ടറായിരുന്ന ഡോ ഇ.ജി സൈലാസ് കോഴ്സ് തുടങ്ങുന്നതിനും കോഴ്സിന് സർവകലാശാലയുടെ അംഗീകാരം ഉറപ്പുവരുത്തുന്നതിന് കുസാറ്റ് വൈസ്ചാൻസലറായിരുന്ന ഡോ എം.വി പൈലിയുമാണ് ശ്രമം നടത്തിയത്. 1993ൽ മാരികൾച്ചർ കോഴ്സുകൾ മുംബൈയിലെ ഡീംഡ് സർവകലാശാലയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യുക്കേഷൻ (സിഫി) ലേക്ക് മാറ്റുകയായിരുന്നു.